# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2388 — 20.06.2012-ൽ മറുപടിക്ക്

### അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും മിനിമം വേതനവും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ .കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) മിനിമം വേതനം നൽകുന്നത് ഒഴിവാക്കാനും ഇ.എസ്.ഐ, പി.എഫ്. എന്നീ ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നതിനുമായി അന്യസംസ്ഥാന തൊഴിലാളികളെ വിവിധ സ്ഥാപനങ്ങളിൽ കരാടിസ്ഥാനത്തിൽ ജോലിക്കു നിയമിക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി പ്രസ്തുത തൊഴിലാളികൾക്ക് മാന്യമായ തൊഴിൽ - ജീവിത സാഹചര്യങ്ങൾ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വികരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കുടിയേറ്റ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ പരിശോധനകളിലൂടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൽ അംഗമാകുന്ന കുടിയേററ തൊഴിലാളികൾക്കും പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഇതിനുപുറമെ 2012-13 ലെ തൊഴിൽവകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി, കുടിയേററ തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി രൂപികരിക്കുന്നുണ്ട്. ഇതിനായി സർക്കാർ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) അഞ്ചോ അതിലധികമോ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് ഏർപ്പെടുത്തിയിട്ടുള്ള കരാറുകാരും രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്നറിയിക്കാമോ? | (സി) ഉണ്ട്.<br>ഇത്തരം രജിസ്ട്രേഷൻ എടുക്കാത്തവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ